**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **03-03-2025 - ൽ മറുപടിയ്ക്ക്**

**പള്ളിക്കര ഗഫൂർ ഹാജി വധക്കേസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗഫൂർ ഹാജി വധക്കേസിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 341/2023 കേസിന്റെ അന്വേഷണം നിലവിൽ കാസർഗോഡ് ഡി.സി.ആർ.ബി. ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിലുള്ള 9 അംഗ സ്ക്വാഡ് നടത്തിവരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഗഫൂർ ഹാജിയുടെ മരണം തലക്കേറ്റ പരിക്ക് മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. കേസിൽ സെക്ഷൻ 449, 302, 397, 201 r/w 34 IPC &Sec. 3(d) r/w 7 of The Drugs and Magical Remedies (Objectionable Advertisement) Act കൂട്ടിച്ചേർത്തും പ്രതികളുടെ പേരും വിലാസവും കൂട്ടിച്ചേർത്തും കേസ് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയിൽ നിന്നും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - II ലേക്ക് മാറ്റുന്നതിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രതി ചേർക്കപ്പെട്ട 7 പ്രതികളിൽ 5 പ്രതികളെ 04.12.2024 ൽ നിയമാനുസരണം അറസ്റ്റ് ചെയ്ത് 05.12.2024 -ൽ ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. അഞ്ചും ആറും പ്രതികൾ വിദേശത്തായതിനാൽ ടി പ്രതികൾക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രതി ചേർക്കപ്പെട്ടവരെ ആരെയെങ്കിലും അറസ്റ്റു ചെയ്യാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | ഗഫൂർ ഹാജി വധവുമായി ബന്ധപ്പെട്ട് ആകെ എത്രമാത്രം സ്വർണ്ണം നഷ്ടപ്പെട്ടതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഗഫൂർ ഹാജി വധവുമായി ബന്ധപ്പെട്ട് 594 പവൻ സ്വർണ്ണാഭരണം നഷ്ടപ്പെട്ടതായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതും, നാളിതുവരെയുള്ള അന്വേഷണത്തിൽ നിന്നും 162.352 പവന്റെ സ്വർണ്ണാഭരണങ്ങൾ വീണ്ടെടുത്തിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഇ) | നാളിതുവരെയായി ഇതിൽ എത്രമാത്രം സ്വർണ്ണം വീണ്ടെടുത്തുവെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉത്തരം (ഡി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ